**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1214** — 05.03.2020 -ൽ മറുപടിയ്ക്ക്

# മലപ്പുറം ജില്ലയിൽ വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസ് നവീകരണത്തിനായി മലപ്പുറം ജില്ലയിൽ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ വില്ലേജിനും സർക്കാർ വിഹിതമായി എത്രയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജോഫീസുകളുടെ നവീകരണത്തിനായി 5,02,33,966/- രൂപ (അഞ്ച് കോടി രണ്ട് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. സ്മാർട്ട് വില്ലേജോഫീസ് നിർമ്മാണം- 44,00,000/- രൂപ, അറ്റകുറ്റപ്പണി- 5,00,000/- രൂപ, ചുറ്റുമതിൽ നിർമ്മാണം- 5,00,000/- രൂപ അഡീഷണൽ റൂം നിർമ്മാണം- 10,00,000/- രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ് വില്ലേജോഫീസുകളിലെ വിവിധ നിർമ്മാണ പ്രവർത്തികൾക്കായി പ്ലാൻ സ്കീം മുഖേന തുക അനുവദിച്ചു വരുന്നത്. |
| (ബി) | മലപ്പുറം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും ഇതിനകം നവീകരിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും ഇതിനകം നവീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. |
| (സി) | ഇല്ലെങ്കിൽ മണ്ഡലത്തിലെ വില്ലേജുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഫ്രണ്ട് ഓഫീസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**